**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4030** **17-03-2025 - ൽ മറുപടിയ്ക്ക്**

**മുൻഗണന റേഷൻ കാർഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | തുടർചികിത്സ ആവശ്യമുള്ള മാറാരോഗങ്ങൾ ഉള്ളവരുടെ റേഷൻ കാർഡ് ബി.പി.എൽ. ആക്കുന്നതിനുള്ള അവസരം ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാന ഭക്ഷ്യഭദ്രതാ നിയമം 2018, ഖണ്ഡിക 6-ൽ മുൻഗണനാ ഒഴിവാക്കൽ മാനദണ്ഡങ്ങളും ഖണ്ഡിക 7-ൽ അർഹതാ മാനദണ്ഡങ്ങളും നിശ്ചയിച്ചിട്ടുണ്ട്. ആയതിൻ പ്രകാരമാണ് നിലവിൽ സംസ്ഥാനത്ത് മുൻഗണനാ കാർഡുകൾ അനുവദിച്ചുവരുന്നത്.<br><br>ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ട് വരാത്തതും ഗുരുതരമായ അസുഖബാധിതർ ഉൾപ്പെട്ടതുമായ കുടുംബങ്ങളുടെ റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റുന്നതിനു താലൂക്ക് സപ്ലൈ ഓഫീസുകളിൽ നിന്നും എല്ലാമാസവും ലഭിക്കുന്ന അപേക്ഷകൾ, ജില്ലാ സപ്ലൈ ഓഫീസ് മുഖാന്തിരം ക്രോഡീകരിച്ച് പരിശോധനയ്ക്ക് വിധേയമാക്കി അർഹതയുള്ള പക്ഷം മുൻഗണനയിലേയ്ക്ക് പരിവർത്തനം ചെയ്തു നൽകുന്നുണ്ട്.<br><br>കൂടാതെ ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടു വരുന്ന കുടുംബങ്ങളിൽ ആർക്കെങ്കിലും തുടർചികിത്സ ആവശ്യമുള്ള മാറാരോഗങ്ങൾ ഉണ്ടെങ്കിൽ ഓരോ കേസിന്റെയും മെരിറ്റ് പരിശോധിച്ച് അർഹതയുള്ള പക്ഷം ടി.കാർഡുകൾ മുൻഗണനയിലേയ്ക്ക് മാറ്റുന്നതിന് 27/10/2020-ലെ 319/2020/ഭ.പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിൻ പ്രകാരം ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെടുന്നതും തീർത്തും അർഹരുമായ കുടുംബങ്ങളുടെ കാർഡുകൾ, അപേക്ഷ പ്രകാരം മുൻഗണനാ വിഭാഗത്തിലേക്ക് തരം മാറ്റി നല്കിവരുന്നുണ്ട്.<br><br>എന്നാൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം, കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുവദിച്ചിരിക്കുന്ന മുൻഗണനാ ഒഴിവുകളുടെ എണ്ണം |

| | | | |
|---|---|---|---|
| | | | ജനസംഖ്യയെ അപേക്ഷിച്ച് പരിമിതമായതിനാൽ ഒഴിവാക്കൽ മാനദണ്ഡങ്ങൾ പരിഗണിക്കാതെ മാരകരോഗം ബാധിച്ചതും, ഭിന്നശേഷി, ഓട്ടിസം തുടങ്ങിയവയുള്ളതുമായ അംഗങ്ങളുള്ള മുഴുവൻ കുടുംബങ്ങളേയും മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തി റേഷൻ കാർഡ് അനുവദിക്കുന്നതിന് സർക്കാരിന് പരിമിതിയുണ്ട്. |
| (ബി) | മാരകരോഗം ബാധിച്ചതും, ഭിന്നശേഷി, ഓട്ടിസം തുടങ്ങിയവയുള്ളതുമായ അംഗങ്ങളുള്ള മുഴുവൻ കുടുംബങ്ങളേയും മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തി റേഷൻ കാർഡ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാന ഭക്ഷ്യഭദ്രതാ നിയമം 2018, ഖണ്ഡിക 6-ൽ മുൻഗണനാ ഒഴിവാക്കൽ മാനദണ്ഡങ്ങളും ഖണ്ഡിക 7-ൽ അർഹതാ മാനദണ്ഡങ്ങളും നിശ്ചയിച്ചിട്ടുണ്ട്. ആയതിൻ പ്രകാരമാണ് നിലവിൽ സംസ്ഥാനത്ത് മുൻഗണനാ കാർഡുകൾ അനുവദിച്ചുവരുന്നത്.<br><br>ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ട് വരാത്തതും ഗുരുതരമായ അസുഖബാധിതർ ഉൾപ്പെട്ടതുമായ കുടുംബങ്ങളുടെ റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റുന്നതിനു താലൂക്ക് സപ്ലൈ ഓഫീസുകളിൽ നിന്നും എല്ലാമാസവും ലഭിക്കുന്ന അപേക്ഷകൾ, ജില്ലാ സപ്ലൈ ഓഫിസ് മുഖാന്തിരം ക്രോഡീകരിച്ച് പരിശോധനയ്ക്ക് വിധേയമാക്കി അർഹതയുള്ള പക്ഷം മുൻഗണനയിലേയ്ക്ക് പരിവർത്തനം ചെയ്തു നൽകുന്നുണ്ട്.<br><br>കൂടാതെ ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടു വരുന്ന കുടുംബങ്ങളിൽ ആർക്കെങ്കിലും തുടർചികിത്സ ആവശ്യമുള്ള മാറാരോഗങ്ങൾ ഉണ്ടെങ്കിൽ ഓരോ കേസിന്റെയും മെരിറ്റ് പരിശോധിച്ചു അർഹതയുള്ള പക്ഷം ടി.കാർഡുകൾ മുൻഗണനയിലേയ്ക്ക് മാറ്റുന്നതിന് 27/10/2020-ലെ 319/2020/ഭ.പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിൻ പ്രകാരം ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെടുന്നതും തീർത്തും അർഹരുമായ കുടുംബങ്ങളുടെ കാർഡുകൾ, അപേക്ഷ പ്രകാരം മുൻഗണനാ വിഭാഗത്തിലേക്ക് തരം മാറ്റി നല്കിവരുന്നുണ്ട്.<br><br>എന്നാൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം, കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുവദിച്ചിരിക്കുന്ന മുൻഗണനാ ഒഴിവുകളുടെ എണ്ണം ജനസംഖ്യയെ അപേക്ഷിച്ച് പരിമിതമായതിനാൽ ഒഴിവാക്കൽ മാനദണ്ഡങ്ങൾ പരിഗണിക്കാതെ മാരകരോഗം ബാധിച്ചതും, ഭിന്നശേഷി, ഓട്ടിസം തുടങ്ങിയവയുള്ളതുമായ അംഗങ്ങളുള്ള മുഴുവൻ കുടുംബങ്ങളേയും മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തി |

| | | | |
|---|---|---|---|
| | | | റേഷൻ കാർഡ് അനുവദിക്കുന്നതിന് സർക്കാരിന് പരിമിതിയുണ്ട്. |
| (സി) | മാരകരോഗം ബാധിച്ച പാവപ്പെട്ടവർക്ക് അത്യാവശ്യഘട്ടങ്ങളിൽ മുൻഗണന റേഷൻ കാർഡുകൾ ചികിത്സ ആനുകൂല്യങ്ങൾക്കായി നൽകുന്നതിന് ഫാസ്റ്റ് ട്രാക്ക് സംവിധാനം ലഭ്യമാക്കുമോ? | (സി) | സംസ്ഥാന ഭക്ഷ്യഭദ്രതാ നിയമം 2018, ഖണ്ഡിക 6-ൽ മുൻഗണനാ ഒഴിവാക്കൽ മാനദണ്ഡങ്ങളും ഖണ്ഡിക 7-ൽ അർഹതാ മാനദണ്ഡങ്ങളും നിശ്ചയിച്ചിട്ടുണ്ട്. ആയതിൻ പ്രകാരമാണ് നിലവിൽ സംസ്ഥാനത്ത് മുൻഗണനാ കാർഡുകൾ അനുവദിച്ചുവരുന്നത്.<br><br>ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ട് വരാത്തതും ഗുരുതരമായ അസുഖബാധിതർ ഉൾപ്പെട്ടതുമായ കുടുംബങ്ങളുടെ റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റുന്നതിനു താലൂക്ക് സപ്ലൈ ഓഫീസുകളിൽ നിന്നും എല്ലാമാസവും ലഭിക്കുന്ന അപേക്ഷകൾ, ജില്ലാ സപ്ലൈ ഓഫിസ് മുഖാന്തിരം ക്രോഡീകരിച്ച് പരിശോധനയ്ക്ക് വിധേയമാക്കി അർഹതയുള്ള പക്ഷം മുൻഗണനയിലേയ്ക്ക് പരിവർത്തനം ചെയ്തു നൽകുന്നുണ്ട്.<br><br>കൂടാതെ ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടു വരുന്ന കുടുംബങ്ങളിൽ ആർക്കെങ്കിലും തുടർചികിത്സ ആവശ്യമുള്ള മാറാരോഗങ്ങൾ ഉണ്ടെങ്കിൽ ഓരോ കേസിന്റെയും മെരിറ്റ് പരിശോധിച്ച് അർഹതയുള്ള പക്ഷം ടി.കാർഡുകൾ മുൻഗണനയിലേയ്ക്ക് മാറ്റുന്നതിന് 27/10/2020-ലെ 319/2020/ഭ.പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിൻ പ്രകാരം ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെടുന്നതും തീർത്തും അർഹരുമായ കുടുംബങ്ങളുടെ കാർഡുകൾ, അപേക്ഷ പ്രകാരം മുൻഗണനാ വിഭാഗത്തിലേക്ക് തരം മാറ്റി നല്കിവരുന്നുണ്ട്.<br><br>എന്നാൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം, കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുവദിച്ചിരിക്കുന്ന മുൻഗണനാ ഒഴിവുകളുടെ എണ്ണം ജനസംഖ്യയെ അപേക്ഷിച്ച് പരിമിതമായതിനാൽ ഒഴിവാക്കൽ മാനദണ്ഡങ്ങൾ പരിഗണിക്കാതെ മാരകരോഗം ബാധിച്ചതും, ഭിന്നശേഷി, ഓട്ടിസം തുടങ്ങിയവയുള്ളതുമായ അംഗങ്ങളുള്ള മുഴുവൻ കുടുംബങ്ങളേയും മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തി റേഷൻ കാർഡ് അനുവദിക്കുന്നതിന് സർക്കാരിന് പരിമിതിയുണ്ട്. |

സെക്ഷൻ ഓഫീസർ